കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് സംരക്ഷണവും ചികിത്സയും നൽകുന്നതിന് നടപടി

203 (3982) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ അപ്രഖ്യാപിത ഹർക്കാലിനിടെ കെ.എസ്.ആർ.ടി.സി. ബസ് ആക്രമിക്കുകയും ജീവനക്കാർക്ക് ഗുരുതരമായ പരിക്കു പറ്റുകയും ചെയ്ത സംഭവം, സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടുത്ത കാലത്ത് ഇത്തരത്തിൽ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(സി) ജീവനക്കാർക്ക് സംരക്ഷണം നൽകുന്നതിനും അവർക്ക് ചികിത്സ നൽകുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ

(ഡി) ഇല്ലെങ്കിൽ, പ്രസ്തുത ജീവനക്കാർക്ക് സംരക്ഷണവും ആവശ്യമായ സഹായവും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒന്ന്.

(സി&ഡി) ജീവനക്കാർക്ക് സംരക്ഷണം ലഭ്യമാക്കുന്നതിന് പോലീസിന്റെ സഹായം തേടുന്നുണ്ട്. ജീവനക്കാർ ആക്രമിക്കപ്പെടുന്ന സംഭവങ്ങൾ ഉണ്ടായാൽ അവർക്ക് ആവശ്യമായ ചികിത്സാ സഹായവും നൽകുന്നു. ഇത് സംബന്ധമായി ബന്ധപ്പെട്ട യൂണിറ്റ് ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചാൽ ചികിത്സാ ചെലവ് ആവശ്യമെങ്കിൽ മുൻകൂർ നൽകുന്നതിനും തുടർന്ന് റീഇംബേഴ്സ്മെന്റ് അനുവദിച്ചു അതിൽ നിന്ന് മുൻകൂർ നൽകിയ തുക തട്ടിക്കഴിക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

27-5-2010-ൽ (അപ്രഖ്യാപിത ഹർത്താൽ നടന്ന ദിവസം) ഡ്രൈവർ ശ്രീ. എം. സണ്ണി, കണ്ടക്ടർ ശ്രീ. ടി. സജിത് എന്നിവർ ചുമതല വഹിച്ചു കാഞ്ഞങ്ങാട്-കാസർഗോഡ്. സർവ്വീസ് പോയ TS 53-mw നമ്പർ ബസ്സിനു നേരെ ചന്ദ്രഗിരി റൂട്ടിൽ മേൽപ്പറമ്പിനടുത്തുള്ള കട്ടക്കാൽ എന്ന സ്ഥലത്തു വച്ചു 7.20 PM ഓടെ കല്ലേറുണ്ടാവുകയും ഡ്രൈവർക്കും കണ്ടക്ടർക്കും ചില യാത്രക്കാർക്കും പരിക്കുപറ്റുകയും ചെയ്തു. ജീവനക്കാരെയും യാത്രക്കാരെയും കാസർഗോഡ് താലൂക്ക് ആശുപത്രിയിലും തുടർന്ന് ഗുരുതരമായി പരിക്കേറ്റ ഡ്രൈവറെ മംഗലാപുരം KMC ആശുപത്രിയിലും പ്രവേശിപ്പിക്കുകയുണ്ടായി.

മേൽ സംഭവത്തിൽ ജീവനക്കാർക്കും യാത്രക്കാർക്കും ചികിത്സയ്ക്കാവശ്യമായ തുക കോർപ്പറേഷൻ അനുവദിച്ചിട്ടുണ്ട്. പോലീസ് കേസും രജിസ്റ്റർ ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly